15 വർഷം സംരക്ഷിക്കുന്നതിന് ബി.ഒ.റ്റി. ആനിറ്റി വ്യവസ്ഥയിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കമ്പനിക്കാണ് റോഡ് നിർമ്മാണ കരാർ നൽകിയിട്ടുള്ളത്.

തൊടുപുഴ വെങ്ങല്ലൂർ-മങ്ങാട്ടുകവല ബൈപ്പാസ് നിർമ്മാണത്തിന് സ്ഥലം വിട്ടുനൽകിയവർക്ക് നഷ്ടപരിഹാരം

238 (1966) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊടുപുഴ അസംബ്ലി മണ്ഡലത്തിലെ വെങ്ങല്ലൂർ-മങ്ങാട്ടുകവല ബൈപ്പാസ് നിർമ്മാണത്തിന് സ്ഥലം വിട്ടുനൽകിയവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ ;

(ബി) ഇനി എത്രപേർക്കുകൂടി നഷ്ടപരിഹാരം നൽകാനുണ്ട് ; ഇതു സംബന്ധിച്ച നടപടിക്രമങ്ങൾ ഏതു ഘട്ടംവരെയായി ;

(സി) എന്നത്തേക്ക് മുഴുവൻ തുകയും വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നൽകിയിട്ടുണ്ട്. 12 പേർക്ക് മൊത്തം 1,81,27,810 രൂപ നൽകിയിട്ടുണ്ട്. 18 പേർക്ക് 50% തുകയായ 1,02,65,214 രൂപ നൽകിയിട്ടുണ്ട്.

(ബി&സി) ഇനി 51 പേർക്ക് നഷ്ട പരിഹാരം നൽകുവാനുണ്ട്. ആയതിന് 18,57,98,868 രൂപ ചേർത്ത് മൊത്തം 29 കോടി രൂപ ആവശ്യമുണ്ട്. ഇതു സംബന്ധിച്ച ശിപാർശ ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്. ധനവകുപ്പിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

ആലപ്പുഴ എൻ. എച്ച്. ബൈപ്പാസ്

239 (1967) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ എൻ.എച്ച്. ബൈപ്പാസ് റോഡുനിർമ്മാണത്തെ ഒരു പ്രത്യേക പാക്കേജായി പരിഗണിച്ചുതരുന്നതിനുവേണ്ടി സർവ്വകക്ഷിസംഘം കേന്ദ്ര ഗവൺമെന്റിനു മുമ്പാകെ നിവേദനം സമർപ്പിച്ചിരുന്നതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ സർക്കാർ അംഗീകരിച്ച പാക്കേജ് ഈ നിർദ്ദേശത്തെത്തുടർന്നുള്ളതാണോ ;

(സി) ഇതു സംബന്ധിച്ച നടപടികൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിലവിൽ നിർമ്മാണം പൂർത്തിയായ റോഡിൽ റെയിൽവേ ഓവർബ്രിഡ്ജുകളും, ബീച്ചിലെ ഓവർബ്രിഡ്ജും നിർമ്മിച്ച് ഗതാഗതത്തിന് തുറന്നു കൊടുക്കുകയാണോയെന്ന് അറിയിക്കുമോ ;

(ഇ) അല്ലെങ്കിൽ പുതിയ സ്കെച്ചിന്റെയും പ്ലാനിന്റെയും പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ആലപ്പുഴ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് സർവ്വകക്ഷി സംഘം കേന്ദ്രസർക്കാരിനെ സമീപിച്ചിട്ടില്ല. എന്നാൽ 2010 നവംബർ 19-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അന്നത്തെ കേന്ദ്ര കര- ഗതാഗത വകുപ്പ് മന്ത്രി ശ്രീ. കമൽനാഥുമായി നടന്ന കൂടിക്കാഴ്ചയിലാണ് ആലപ്പുഴ എൻ.എച്ച്. ബൈപ്പാസ് റോഡു നിർമ്മാണം ഒരു പ്രത്യേക പാക്കേജായി പരിഗണിക്കാമെന്ന് തീരുമാനിക്കപ്പെടുന്നത്.

(സി) ആലപ്പുഴ നാലുവരിപ്പാത ബൈപ്പാസും കടപ്പുറം ഭാഗത്തെ ഉയരത്തിലുള്ള നാലുവരി പാതയുടെയും നിർമ്മാണം N.H (O) പ്രവർത്തിയുടെ ഭാഗമായി ഒരു "Special Project" ആയി ഏറ്റെടുക്കാൻ തീരുമാനിച്ചതായി കേന്ദ്ര ഗതാഗത മന്ത്രാലയം അറിയിച്ചിട്ടുണ്ട്. കൂടാതെ NHAI തയ്യാറാക്കിയ DPR, സംസ്ഥാന പൊതുമരാമത്ത് വകുപ്പ് പരിശോധിച്ച് ആവശ്യമെങ്കിൽ വേണ്ട തിരുത്തലുകൾ വരുത്തിയ ശേഷം എസ്റ്റിമേറ്റ് തുക ഉൾപ്പെടെ അംഗീകാരത്തിനായി കരഗതാഗത മന്ത്രാലയത്തിലേക്ക് സമർപ്പിക്കുവാനും NHAI നിയോഗിച്ചിരുന്ന DPR Consultant-നെ തന്നെ ഉപയോഗിച്ച് ടി പ്രോജക്ടിന്റെ DPR തയ്യാറാക്കി സംസ്ഥാന പൊതുമരാമത്ത് വകുപ്പിന് കൈമാറാനും ആവശ്യപ്പെട്ടിട്ടുണ്ട്. ഏകദേശം 221 കോടി രൂപയുടെ in Principle Approval ആണ് ലഭിച്ചിരിക്കുന്നത്.

(ഡി&ഇ) ഇതിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുമ്പോൾ മാത്രമേ മറ്റ് വിശദാംശങ്ങൾ അറിയുവാൻ സാധിക്കുകയുള്ളു.

ആലപ്പുഴ എൻ.എച്ച്. ബൈപ്പാസ് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

240 (1968) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ എൻ.എച്ച്. ബൈപ്പാസ് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കേന്ദ്ര ഗവൺമെന്റ് എത്ര തുക പുതുതായി അനുവദിച്ചെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിലുള്ള സ്ഥലമല്ലാതെ വീണ്ടും സ്ഥലം ആവശ്യമായി വരുമോ ; എങ്കിൽ എത്ര എന്ന് അറിയിക്കുമോ ;

(സി) സ്ഥലം ആവശ്യമെങ്കിൽ നിലവിലെ റോഡിന്റെ ഏതുവശത്തു കൂടിയാണ് പുതിയ സ്ഥലമെടുപ്പെന്നും എന്ന് ഇത് പൂർത്തിയാക്കുമെന്നും അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly